ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എ.ഡി.സി.6/14255/എച്ച്.എസ്.ഇ/2013** **തീയതി : 30/04/2013**

# <u>സർക്കുലർ</u>

വിഷയം :- ഹ.സെ.വി.വ - പൊതു സ്ഥലംമാറ്റം 2013 - 2014.

സൂചന :- 27/05/2009 ലെ G.O.(P) No. 115/09/Gl.Edn. നം. സർക്കാർ ഉത്തരവ്.

2013 – 2014 വർഷത്തെ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റത്തിന് സൂചനയിലെ നിബന്ധനകൾ പ്രകാരം ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകർക്ക് 02/05/2013 മുതൽ 15/05/2013 വരെ www.hscap.kerala.gov.in/transfer എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന ഫോർമാറ്റിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## <u>അപേക്ഷിക്കേണ്ട വിധം</u>

ഓൺലൈൻ സ്ഥലംമാറ്റ അപേക്ഷ www.hscap.kerala.gov.in/transfer എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ ആയി സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് apply online -ൽ ക്ലിക്ക് ചെയ്യുക. അദ്ധ്യാപകൻ/അദ്ധ്യാപിക നിലവിൽ ജോലിചെയ്യുന്ന സ്കൂൾ സെലക്ട് ചെയ്യുക. അതിനുശേഷം ലഭ്യമാകുന്ന പേജിൽ നിന്ന് അദ്ധ്യാപകൻ/അദ്ധ്യാപിക യുടെ login Id -യിൽ ക്ലിക്ക് ചെയ്യുക. അതിനുശേഷം ലഭ്യമാകുന്ന പേജിൽ password enter ചെയ്ത് password confirm ചെയ്യുക. അതിനുശേഷം ജനന തീയതി enter ചെയ്ത് login ചെയ്യുക.

അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച് ഒരു വർഷം പൂർത്തീകരിച്ച അദ്ധ്യാപകരുടെ നിലവിലെ തസ്തികകൾ ഒഴിവായി പരിഗണിച്ചായിരിക്കും പൊതുസ്ഥലംമാറ്റം നടത്തുക. ആയതിനാൽ അത്തരം അദ്ധ്യാപകർ നിർബന്ധമായും സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതാണ്. അനുകമ്പാർഹ സ്ഥലംമാറ്റത്തിന് വീണ്ടും പരിഗണിക്കണമെങ്കിൽ അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവരുടെ ആശ്രിതർക്ക് മെഡിക്കൽ ബോർഡിന്റെ പുതിയ സർട്ടിഫിക്കറ്റുകളുടെ ഹാർഡ് കോപ്പിയും അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവർക്ക് പുതിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഹാർഡ് കോപ്പിയും നൽകേണ്ടതാണ്.

അപേക്ഷാഫാറം പൂരിപ്പിക്കുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ നിർബന്ധമായും ശ്രദ്ധിക്കേണ്ടതാണ്.

നക്ഷത്രചിഹ്നമിട്ട കോളങ്ങൾ നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്.

1. അപേക്ഷകന്റെ പേര് (വലിയ അക്ഷരത്തിൽ) (Capital Letter)
2. തസ്തിക
3. ഇപ്പോൾ ജോലി ചെയ്യുന്ന ജില്ല
4. ജനനതീയതി
5. ഇ-മെയിൽ ഐഡി
6. ഫോൺ നമ്പർ
7. നിയമന സ്വഭാവം
   - **a.** പി.എസ്.സി വഴി നിയമനം ലഭിച്ചവരാണെങ്കിൽ പി.എസ്.സി ക്രമനമ്പരും തീയതിയും മാത്രം പൂരിപ്പിച്ചാൽ മതിയാകും.
   - **b.** തസ്തികമാറ്റം വഴി നിയമനം ലഭിച്ചവരാണെങ്കിൽ നിയമന ഉത്തരവിന്റെ തീയതിയും ക്രമനമ്പരും വ്യക്തമായി കാണിച്ചിരിക്കണം.
   - **c.** പി.എസ്.സി വഴി എച്ച്.എസ്.എസ്.റ്റി ജൂനിയർ ആയി നിയമനം ലഭിച്ച ശേഷം പിന്നീട് തസ്തികമാറ്റം വഴി എച്ച്.എസ്.എസ്.റ്റി സീനിയർ ആയി നിയമനം ലഭിച്ചവർ അവരുടെ തസ്തികമാറ്റ നിയമന ഉത്തരവിന്റെ ക്രമനമ്പരും തീയതിയുമാണ് നൽകേണ്ടത്.
8. അപേക്ഷകന് അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ മുൻഗണനയ്ക്ക് അർഹത ഉണ്ടെങ്കിൽ അതാത് കോളത്തിൽ ✓ ചിഹ്നം നൽകേണ്ടതാണ്.
9. സർവ്വീസ് കാലയളവിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലൊഴികെയുള്ള അന്യത്ര സേവനകാലം വിദേശത്തോ ഇൻഡ്യക്കുള്ളിലോ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് വേണ്ടിയെടുത്ത ശമ്പളരഹിത അവധിക്കാലം, വിദേശത്തോ ഇൻഡ്യക്കുള്ളിലോ ഭാര്യ/ഭർത്താവിനോടൊപ്പം ചേരുന്നതിനുവേണ്ടിയെടുത്ത ശമ്പളരഹിത അവധിക്കാലം, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ സ്വകാര്യ ആവശ്യത്തിനെടുത്ത ശമ്പളരഹിത അവധികൾ എന്നിവ എടുത്തിട്ടുണ്ടെങ്കിൽ മാത്രമേ ഈ കോളം പൂരിപ്പിക്കേണ്ടതുള്ളൂ. അപ്രകാരം അവധി എടുത്തിട്ടുണ്ടെങ്കിൽ തിരികെ ജോലിയിൽ പ്രവേശിച്ച തീയതി കൂടി നൽകേണ്ടതാണ്.
10. പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം/നിയമനം മൂലം 2009 നോ, ശേഷമോ ത്രോൺഔട്ടായ അദ്ധ്യാപകർ മാത്രമാണ് ഈ കോളം പൂരിപ്പിക്കേണ്ടത്. ഏതു

സ്കൂളിൽ നിന്നാണോ ആദ്യം ട്രോൺഔട്ടായത് ആ സ്കൂളിൽ ജോലിയിൽ പ്രവേശിച്ച തീയതി വേണം രേഖപ്പെടുത്തേണ്ടത്.

11. നിലവിൽ ജോലി ചെയ്യുന്ന തസ്തികയിൽ പ്രവേശിച്ച തീയതി.
12. സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡം.
13. 9-ാമത്തെ കോളം പൂരിപ്പിച്ചത് yes ആണെങ്കിൽ മാത്രം ഈ കോളം പൂരിപ്പിച്ചാൽ മതിയാകും.
14. ഒരു സ്കൂൾ ഒന്നിലധികം തവണ തിരഞ്ഞെടുക്കുവാൻ പാടുള്ളതല്ല. അങ്ങനെ വന്നാൽ Error കാണിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ **9497642728 (പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ മാത്രം)**

**ഒപ്പ്/-**
**ഡയറക്ടർ**